# C S M CENTRAL SCHOOL

(CHANDANAPARAMBIL SYED MOHAMED HAJI MEMORIAL CENTRAL SCHOOL)
[Run by: I C Trust (Regd.)] Affiliated to C.B.S.E., New Delhi No. 930102, School No: 75090
**P.O Edassery, Thalikulam, Thrissur - 680569**

**08-03-2021**

പ്രിയ രക്ഷിതാവെ,

സി എസ് എം സെൻട്രൽ സ്കൂളിൻ്റെ സ്നേഹാശംസകൾ!

തികച്ചും അസാധാരണമായൊരു കാലഘട്ടത്തിൽ നാം ഈ അധ്യയന വർഷം പൂർത്തിയാക്കുകയാണ്. മികച്ച ഓൺലൈൻ ക്ലാസ്സുകളിലൂടെ മികവാർന്ന പഠനപ്രവർത്തനങ്ങളുമായി സി എസ് എംന് അഭിമാനപൂർവ്വം മുന്നോട്ട് പോകാൻ കഴിഞ്ഞു. കാലമേൽപ്പിച്ച ഈ ദൗത്യം വിജയകരമായി പൂർത്തിയാക്കാൻ സഹകരിച്ച എവർക്കും നന്ദി.

ഈ വർഷത്തെ വാർഷിക മൂല്യനിർണയ പ്രവർത്തനങ്ങൾ മാർച്ച് 8 മുതൽ ആരംഭിക്കുകയാണ്. സുഗമമായ മൂല്യനിർണയത്തിനു വേണ്ടി രക്ഷിതാക്കൾ താഴെ പറയുന്ന കാര്യങ്ങൾ പാലിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

പരീക്ഷാ സമയം കഴിഞ്ഞ് 30 മിനിറ്റിനുള്ളിൽ ആൻസർ ഷീറ്റ് ഗൂഗിൾ ക്ലാസ്സ് റൂമിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. അതിനു ശേഷം രക്ഷിതാവ് ഉത്തരക്കടലാസിൽ സൈൻ ചെയ്ത് ഒരു കവറിൽ സൂക്ഷിക്കേണ്ടതാണ്. ഓരോ ദിവസത്തേയും ഉത്തരക്കടലാസ് ഓരോ കവറിലാണ് വെയ്ക്കേണ്ടത്. ഇതിനായി പേപ്പർ കവർ കരുതേണ്ടതാണ്. ഓരോ കവറിനും പുറത്ത് കുട്ടിയുടെ പേര്, ക്ലാസ്സ് , ഡിവിഷൻ , സബ്ജക്ട്, ആ വിഷയം എടുക്കുന്ന ടീച്ചറുടെ പേര് എന്നിവ എഴുതേണ്ടതാണ്. അധ്യാപകർക്ക് പേപ്പർ തരം തിരിച്ചെടുക്കാനുള്ള സൗകര്യത്തിനു വേണ്ടിയാണ് വെവ്വേറെ കവറുകൾ ഉപയോഗിക്കണമെന്ന് പറയുന്നത്.പരീക്ഷ അവസാനിച്ചതിനു ശേഷം സ്കൂൾ നിർദ്ദേശിക്കുന്ന ദിവസം രക്ഷിതാവ് സ്കൂളിലെത്തി അവിടെ ഓരോ ക്ലാസ്സുകാർക്കും വേണ്ടി വെച്ചിരിക്കുന്ന ബോക്സിൽ ഉത്തരക്കടലാസടങ്ങിയ കവർ നിക്ഷേപിക്കേണ്ടതാണ്. രക്ഷിതാക്കൾ സ്കൂളിലേക്ക് വരുമ്പോൾ കോവിഡ് മാനദണ്ഡങ്ങൾ നിർബന്ധമായും പാലിച്ചിരിക്കണം.കുട്ടികളെ സ്കൂളിലേക്ക് കൊണ്ടു വരേണ്ടതില്ല. ക്വാറൻ്റീനിൽ കഴിയുന്നവരോ, കോവിഡ് പോസ്റ്റിവ് റിപ്പോർട്ട് ചെയ്യപ്പെട്ടവരോ വീട്ടിലുള്ളവരുണ്ടെങ്കിൽ അവർ സ്കൂളിലേക്ക് വരേണ്ടതില്ല. ഇക്കാര്യം ക്ലാസ്സ് ടീച്ചറെ അറിയിച്ചാൽ മതി. ഓരോ ക്ലാസ്സിനും നിശ്ചയിച്ചിട്ടുള്ള സമയത്തിനുള്ളിൽ രക്ഷിതാവ് സ്കൂളിലെത്തി തിരിച്ചു പോകേണ്ടതാണ്. കൃത്യമായ സാമൂഹിക അകലം പാലിക്കാനും, കൂട്ടം കൂടി

നിൽക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കണം. ഒന്നിലധികം കുട്ടികൾ വ്യത്യസ്തമായ ക്ലാസ്സുകളിലുള്ള രക്ഷിതാക്കൾ ,ആ കുട്ടികളുടെ പേപ്പർ ഒരുമിച്ച് കൊണ്ട് വന്നാൽ മതി. ഇതിനായി ഒന്നിലധികം പ്രാവശ്യം സ്കൂളിൽ വരേണ്ടതില്ല. പ്ലാസ്റ്റിക് കവറുകൾ കൊണ്ടുവരാൻ പാടുള്ളതല്ല.

**സമയക്രമം**

**24/03/2021 - ബുധൻ**

**10.00am -11.00am - XI A & XI B**

**11.00am - 12 noon -IX A & IX B**

**12 noon - 1.00 pm - IX C**

**29/03/2021- തിങ്കൾ**

**10.00 am -11.00 am -VIII A & VIII B**

**11.00am -12.00 noon - VIII C & VII A**

**12.00 noon -1.00pm -VII B &VII C**

**1.00pm - 2.00pm - VI A & VI B**

**2.00pm - 3.00pm -VI C &V A**

**3.00pm -4.00pm - V B & V C**

**30/03/2021 - ചൊവ്വ**

**10.00 am -11.00 am - V D & IV A**

**11.00 am – 12.00 noon - IV B & IV C**

**12.00 noon - 1.00pm - IV D & III A**

**1.00pm - 2.00pm - III B & III C**

**2.00pm - 3.00 pm -III D & II A**

**3.00pm - 4.30 pm - II B , II C & II D**

സ്കൂളിൻ്റെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ വിദ്യാർത്ഥികൾ കൃത്യമായി ഫീസടയ്ക്കേണ്ടത് അത്യാവശ്യമാണ്. സമയബന്ധിതമായി ഫീസടച്ച് സ്കൂളിനോട് സഹകരിച്ച എല്ലാ രക്ഷിതാക്കൾക്കും പ്രത്യേക നന്ദി. ഇനിയും ഫീസടച്ചിട്ടില്ലാത്തവർ എത്രയും വേഗം ഫീസടയ്ക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

എല്ലാ വിദ്യാർത്ഥികൾക്കും മികച്ച വിജയം ആശംസിക്കുന്നു. ഏവരുടേയും സഹകരണം പ്രതീക്ഷിച്ചു കൊണ്ട് ,

സ്നേഹപൂർവം,

പ്രിൻസിപ്പൾ



ഡോ.എം.ദിനേഷ് ബാബു